തമ്മിലും സൗഹാർദബന്ധമാണുള്ളത്. അഫ്ഘാനിസ്ഥാനിൽ ജനാധിപത്യവും സമാധാനവും സാദ്ധ്യമെങ്കിൽ സോഷ്യലിസവും പുലർന്നു കാണാനാണല്ലോ ഇന്ത്യയുടെ ആഗ്രഹം. അഫ്ഘാനിസ്ഥാനിലെ കലാപകാരികൾക്ക് സൈനികസഹായവും അഭയവും നൽകുന്നത് പാകിസ്ഥാനും ആയുധങ്ങൾ നൽകുന്നത് അമേരിക്കയും പണം കൊടുക്കുന്നത് സൗദിഅറേബ്യയുമാണ്. സൗദിഅറേബ്യയോടുള്ള വിരോധംകൊണ്ട് അറബ് രാഷ്ട്രങ്ങളായ ലിബിയയും സിറിയയും ഇറാനോടു ചേർന്ന് നിലകൊള്ളുന്നു. ഈ ചുററുപാടിൽ പാകിസ്ഥാനിലൂടെ അഫ്ഘാനിസ്ഥാനിൽ ഇടപെടുന്നതിൽനിന്ന് അമേരിക്കയെ തടയുവാൻ സോവിയററ്‌യൂനിയൻ, ഇറാൻ, ഇന്ത്യ, സിറിയ, ലിബിയ മുതലായ രാഷ്ട്രങ്ങളുടെ സഹായത്തോടെ അന്താരാഷ്ട്രീയതലത്തിൽ നടന്നുവരുന്ന പരിശ്രമങ്ങൾ വിജയിക്കുന്നപക്ഷം അഫ്ഘാനിസ്ഥാനിൽ ജനാധിപത്യാധിഷ്ഠിതമായ സമാധാനം തിരിച്ചുവന്നുകൂടായ്കയില്ല. പാകിസ്ഥാൻ പ്രസിഡണ്ട് എന്ന പദവിയിൽ തുടരുന്നതിന് അമേരിക്കയുടെയും പാകിസ്ഥാനിലെതന്നെ സേനയുടെയും സഹായംകൂടാതെ സാദ്ധ്യമല്ലെന്നതാണ് മദാം ബേനസീർ ഭുട്ടോവിൻെറ നില. അതിനാൽ, അഫ്ഘാനിസ്ഥാനിൽ സമാധാനപുനഃസ്ഥാപനത്തിന് തടസ്സമല്ലാതെ സഹായം പാകിസ്ഥാനിൽനിന്ന് ഇപ്പോൾ പ്രതീക്ഷിക്കേണ്ടതില്ല.

11 ആഗസ്റ്റ്, 1989

# 30. ഇസ്ലാമാബാദിലെ സാർക് ഉച്ചകോടി സമ്മേളനം

ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, മാലദ്വീപ് എന്നീ ഏഴ് രാഷ്ട്രങ്ങളിലെ തലവന്മാർ ചേർന്ന് 1985-ൽ രൂപവൽക്കരിച്ച ദക്ഷിണ-ഏഷ്യൻ പ്രാദേശിക സഹകരണ സംഘടനയുടെ (സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജിയണൽ കോ-ഓപ്പറേഷൻ-സാർക്) നാലാം ഉച്ചകോടിസമ്മേളനം 1988 ഡിസംബർ 29, 30, 31 തീയതികളിൽ ഇസ്ലാമാബാദിൽ നടന്നു. ഇന്ത്യയിലെയും പാകിസ്ഥാനിലെയും പ്രധാനമന്ത്രിമാർ, ബംഗ്ലാദേശ്, ശ്രീലങ്ക, മാലദ്വീപ് എന്നീ രാജ്യങ്ങളിലെ പ്രസിഡണ്ടുമാർ, നേപ്പാളിലെയും ഭൂട്ടാനിലെയും രാജാക്കന്മാർ എന്നിവർ അതാതു രാജ്യങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരോടൊപ്പം ഈ സമ്മേളനത്തിൽ സന്നിഹിതരായി പരസ്പരം ആശയങ്ങൾ കൈമാറുകയും ഈ പ്രദേശത്തിൻെറ പൊതുവായ സാമ്പത്തിക-സാമൂഹ്യ പുരോഗതിക്ക കൈക്കൊള്ളേണ്ട ഹ്രസ്വകാല-ദീർഘകാല നടപടികളെപ്പററി ചർച്ചകൾ നടത്തുകയുംചെയ്തു.

ബ്രിട്ടീഷ് ആധിപത്യകാലത്തു കുറെ ഇടയ്ക്കെങ്കിലും ഇന്ത്യയുടെ ഭാഗങ്ങളായി കരുതപ്പെടുകയോ ഭരണപരമായി ഇന്ത്യയോടു ബന്ധപ്പെടുകയോ ചെയ്തിരുന്ന ഈ രാജ്യങ്ങളിലെ പരമദരിദ്രരായ ജനങ്ങളുടെ സാമ്പത്തികപുരോഗതി കലവറയില്ലാത്ത പരസ്പര സഹകരണത്തിലൂടെ മാത്രമേ കൈവരൂ എന്ന ദൃഢബോധത്തിൻെറ ഫലമായാണ്, ഇന്ത്യയുടെ മുൻകൈയിനെത്തുടർന്ന് 1985-ൽ ബംഗ്ലാദേശിൻെറ പ്രസിഡണ്ട് എർഷദിൻെറ അദ്ധ്യക്ഷതയിൽ ഡാക്കയിൽ സാർക് സംഘടനയുടെ പ്രഥമയോഗം ചേർന്നതും, സംഘടനയുടെ ലക്ഷ്യങ്ങൾ, സ്വരൂപം, സാമ്പത്തിക സംവിധാനം, പ്രവർത്തനരീതി മുതലായവ വിവരിക്കുന്ന 'സാർക് ചാർട്ടർ' അംഗീകരിച്ചതും. അംഗങ്ങൾക്കിടയിൽ രണ്ടു രാഷ്ട്രങ്ങളെ മാത്രം ബാധിക്കുന്നവയും സർവസമ്മതമില്ലാത്തവയുമായ പ്രശ്നങ്ങൾ സാർക് സമ്മേളനത്തിൽ അവതരിപ്പിക്കുകയില്ല എന്നും അന്നു തീരുമാനിച്ചു.

സാർക്കിന്റെ രണ്ടാം സമ്മേളനം 1986–ൽ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ അദ്ധ്യക്ഷതയിൽ ബാംഗ്ലൂരിൽ ചേർന്നു. മററു രാഷ്ട്രങ്ങൾക്കെതിരായ ഉഗ്രവാദികളെ സാർക് അംഗരാഷ്ട്രങ്ങൾ ഒരു വിധത്തിലും പ്രോത്സാഹിപ്പിക്കരുതെന്ന തീരുമാനം ഈ സമ്മേളനത്തിൽവെച്ച് എടുക്കുകയുണ്ടായി. സാർക്കിന് ഒരു സെക്രട്ടറി ജനറലിനെ സ്ഥിരമായി നിയമിക്കുവാനും നേപ്പാളിന്റെ തലസ്ഥാനമായ കാഠ്മണ്ഡുവിൽ സാർക്കിന്റെ കേന്ദ്രകാര്യാലയം സ്ഥാപിക്കാനും തീരുമാനിച്ചതും ഈ സമ്മേളനത്തിൽവെച്ചായിരുന്നു. ബാംഗ്ലാദേശ് പൗരനായ അബുൽ അഹ്സൻ ആണ് ഇപ്പോൾ സാർക്കിന്റെ സെക്രട്ടറി ജനറൽ. കാഠ്മണ്ഡുവിലെ കേന്ദ്രകാര്യാലയം നിലവിൽ വന്നുകഴിഞ്ഞിട്ടുമുണ്ട്. സാർക്കിന് ആകെ വരുന്ന ചെലവിൽ 32% ഇന്ത്യയും 23% പാകിസ്ഥാനും 13.3% വീതം ബാംഗ്ലാദേശും ശ്രീലങ്കയും നേപ്പാളും 5% മാലദ്വീപുമാണ് വഹിക്കുന്നത്.

1987–ൽ കാഠ്മണ്ഡുവിൽ നടന്ന സാർക്കിന്റെ മൂന്നാം സമ്മേളനത്തിൽ നേപ്പാൾ രാജാവ് ബീരേന്ദ്ര അദ്ധ്യക്ഷനായിരുന്നു. ഉഗ്രവാദം അമർച്ചചെയ്യുന്നതു സംബന്ധിച്ച ഉടമ്പടി ഏഴ് അംഗരാഷ്ട്രങ്ങളിലെയും വിദേശകാര്യമന്ത്രിമാർ ഒപ്പിട്ടതും ദക്ഷിണേഷ്യാ പ്രദേശത്തുണ്ടായേക്കാവുന്ന ഭക്ഷ്യക്ഷാമത്തെ നേരിടാൻ കരുതൽ ഭക്ഷ്യശേഖരം (സെക്യൂരിററി ഫുഡ് റിസർവ്) ആയി രണ്ടേകാൽ ലക്ഷത്തോളം ഭക്ഷ്യധാന്യങ്ങൾ സ്ഥിരമായി സൂക്ഷിച്ചുവെക്കാൻ തീരുമാനിച്ചതുമായിരുന്നു ഈ സമ്മേളനത്തിന്റെ മുഖ്യനേട്ടങ്ങൾ. 1988 ആഗസ്റ്റിൽ ഈ കരുതൽഭക്ഷ്യശേഖരം നിലവിൽവന്നു. ഇതിന്റെ മുക്കാൽ പങ്കോളം ഇന്ത്യയാണു സംഭാവനചെയ്തതു്.

ഒരു സമ്മേളനത്തിലെ അദ്ധ്യക്ഷൻ ഒരു വർഷം കഴിഞ്ഞു് അടുത്ത സമ്മേളനം ചേരുംവരെ സാർക് സംഘടനയുടെ തലവൻകൂടിയായിരിക്കും. ഇസ്ലാമബാദ് സമ്മേളനത്തിൽവെച്ച് പാകിസ്ഥാൻ പ്രധാനമന്ത്രി ശ്രീമതി ബേനസീർ ഭൂട്ടോ സഭാനടപടികൾ നിയന്ത്രിക്കുന്നതിനുള്ള ഗാവൽ (ചുററിക) ബീരേന്ദ്ര മഹാരാജാവിൽനിന്നു വാങ്ങി അടുത്ത ഒരു വർഷത്തേക്ക് സാർക് നേതൃത്വം ഔപചാരികമായി കൈയേററു.

ശക്തിയേറിയ വലിയ അയൽരാഷ്ട്രത്തെ ദുർബലങ്ങളായ ചെറിയ രാഷ്ട്രങ്ങൾ സംശയത്തോടെയും ഭയത്തോടെയും വീക്ഷിക്കുകയെന്നതു സ്വാഭാവികമാണ്. ഇന്ത്യയുമായി കടുത്ത ശത്രുതയിലായിരുന്നു പാകിസ്ഥാൻ. പല കാര്യങ്ങളിലും ഇന്ത്യയോടു് എതിർപ്പ് ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും ഉണ്ട്. തങ്ങളെ ഇന്ത്യ വിഴുങ്ങിക്കളയുമോ എന്ന പേടിയാണ് നേപ്പാളിനും ഭൂട്ടാനും. അംഗരാഷ്ട്രങ്ങളുടെ പരമാധികാരവും സമത്വവും സ്വാതന്ത്ര്യവും അതിർത്തികളുടെ അലംഘനീയതയും ആദരിക്കുമെന്നും പരസ്പരം ആഭ്യന്തരകാര്യങ്ങളിൽ കൈകടത്തുകയില്ലെന്നും ബലമോ ഭീഷണിയോ പ്രയോഗിക്കാതെ അഭിപ്രായവ്യത്യാസങ്ങൾ ചർച്ചകളിലൂടെ സമാധാനപരമായി പരിഹരിക്കുമെന്നും സാർക് സമ്മേളനത്തിനുശേഷം ഇസ്ലാമബാദിൽ പ്രസിദ്ധീകരിച്ച ചാർട്ടറിൽ (ഉടമ്പടിയിൽ) വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യ അതിന്റെ വലിപ്പവും ശക്തിയും ഉപയോഗിച്ച് അന്യായമായ ഒരാനുകൂല്യവും അയൽരാജ്യങ്ങളിൽനിന്നു നേടിയെടുക്കുകയില്ലെന്ന് രാജീവ്ഗാന്ധിയും പ്രഖ്യാപിക്കുകയുണ്ടായി. സമ്മേളനത്തിൽ സന്നിഹിതരായ രാഷ്ട്രത്തലവന്മാർക്ക് അന്യോന്യം വിശ്വാസം ഉളവാക്കാനും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനും ഇതെല്ലാം കാരണമായിട്ടുണ്ട്.

ദാരിദ്ര്യം, പട്ടിണി, രോഗം, നിരക്ഷരത, തൊഴിലില്ലായ്മ എന്നിവ ഏറിയോ കുറഞ്ഞോ ദക്ഷിണേഷ്യാ പ്രദേശത്തിലെ എല്ലാ രാജ്യങ്ങളിലും നിലനില്ക്കുന്നുണ്ട്. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, പ്രാഥമികാരോഗ്യസേവനം, ജനസംഖ്യാനിയന്ത്രണം എന്നിവ ഈ പ്രദേശത്തിലെ ജനകോടികൾക്ക ലഭ്യമാക്കുന്നതിനായി അതതു രാഷ്ട്രങ്ങളിലെ വികസനപദ്ധതികളെ പരസ്പരം

സംയോജിപ്പിച്ചുകൊണ്ട് ദീർഘവീക്ഷണത്തോടെ 'സാർക് 2000' എന്ന പേരിൽ ഒരു പ്രദേശപദ്ധതി (റീജിയണൽ പ്ലാൻ) സംവിധാനംചെയ്തു നടപ്പിൽ വരുത്തി. നിശ്ചിതലക്ഷ്യങ്ങൾ ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കു നേടിയെടുക്കണമെന്ന് ഇസ്‌ലാമബാദ് സമ്മേളനം തീരുമാനിച്ചിട്ടുണ്ട്. കച്ചവടം, വ്യാവസായികനിർമാണം, സേവനങ്ങൾ എന്നീ രംഗങ്ങളിൽ പരസ്പരസഹകരണം വർദ്ധിപ്പിക്കുമെന്നതാണ് മറ്റൊരു തീരുമാനം. കാർഷികോല്പന്നങ്ങളുടെ വിലയിടിവ്, കയറ്റുമതിയിൽവരുന്ന കുറവ്, കടഭാരം, സമ്പന്നരാജ്യങ്ങൾ നടത്തുന്ന ചൂഷണം മുതലായവ നിമിത്തം ദരിദ്രരാജ്യങ്ങൾ അധികാധികം ദാരിദ്ര്യത്തിൽ ആണ്ടുമുഴുകുകയാണെന്നും, ഈ ദുഃസ്ഥിതി പരിഹരിക്കുവാൻ ബഹുരാഷ്ട്ര അടിസ്ഥാനത്തിൽ സമ്പന്നരാഷ്ട്രങ്ങളും ദരിദ്രരാഷ്ട്രങ്ങളും തമ്മിൽ സംഭാഷണം (വടക്കു–തെക്ക് സംവാദം) ആരംഭിക്കണമെന്നും, ഒരു പുതിയ ലോക സാമ്പത്തികക്രമവും ലോക രാഷ്ട്രീയക്രമവും നടപ്പിൽ വരുത്തണമെന്നും, അണു–ആയുധങ്ങൾ ക്രമത്തിൽ നിർമാർജനംചെയ്യുകയും ആയുധപ്പന്തയം അവസാനിപ്പിക്കുകയും വേണമെന്നും സമ്മേളനം സമ്പന്നരാഷ്ട്രങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ദരിദ്രരാജ്യങ്ങളിൽ വികസനവും സാമ്പത്തികവൃദ്ധിയും ത്വരിപ്പിക്കുന്നതിനായി 1990–ൽ ലോകരാഷ്ട്രങ്ങളുടെ ഒരു സമ്മേളനം ഐക്യരാഷ്ട്രസംഘടന വിളിച്ചുകൂട്ടണമെന്നും നിർദേശിച്ചിരിക്കുന്നു.

ലോകസംഘർഷം പരിഹരിക്കുന്നതിനു ചേരിചേരാപ്രസ്ഥാനം അനുഷ്ഠിക്കുന്ന സേവനങ്ങളെ സാർക് സമ്മേളനം വാഴ്ത്തിയിട്ടുണ്ട്. അണു–ആയുധങ്ങൾ നിർമിക്കുകയില്ലെന്ന് എല്ലാ ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളും പ്രഖ്യാപിച്ചിട്ടുള്ളതിനെ സമ്മേളനം അഭിനന്ദിച്ചു. സമ്പന്നരാഷ്ട്രങ്ങൾ ദരിദ്രരാഷ്ട്രങ്ങളിൽ കൂടുതൽ മൂലധനനിക്ഷേപം നടത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഇപ്പോൾ സ്ഥിതി നേരെ മറിച്ചാണ്. ദരിദ്രരാഷ്ട്രങ്ങളിൽനിന്നു വൻതോതിൽ പണം സമ്പന്നരാഷ്ട്രങ്ങൾ ചോർത്തിക്കൊണ്ടുപോവുകയാണു ചെയ്യുന്നത്.

അംഗരാഷ്ട്രങ്ങൾക്കിടയിൽ കാർഷികവിജ്ഞാനം പരസ്പരം കൈമാറുന്നതിനുവേണ്ടി ഡാക്ക കേന്ദ്രമായി സ്ഥാപിക്കപ്പെട്ട സാർക് കൃഷി വിജ്ഞാന വിതരണ കേന്ദ്രത്തെ (സാർക് അഗ്രികൾച്ചറൽ ഇൻഫർമേഷൻ സെൻറർ– എസ്. എ. ഐ. സി.) സമ്മേളനം സ്വാഗതംചെയ്തു. ഇത്തരം മറ്റു ചില കേന്ദ്രങ്ങളും സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ട്. പാകിസ്ഥാനിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന മനുഷ്യവിഭവ വികസനകേന്ദ്രമാണ് അവയിലൊന്ന്. ദക്ഷിണേഷ്യൻ ബോധം അംഗരാഷ്ട്രങ്ങൾക്കിടയിൽ വളർത്താനായി ഒരു ദൃശ്യ–ശ്രാവ്യ വിനിമയ പരിപാടിക്കു രൂപം നൽകിവരുന്നുണ്ട്. ടെലിവിഷൻ–റേഡിയോ പരിപാടികളും ഫിലിമുകളും പരസ്പരം കൈമാറുകയാണ് ഇതിന്റെ ഉദ്ദേശ്യം. അംഗരാഷ്ട്രങ്ങളിലെ ജനങ്ങൾക്കിടയിൽ പരസ്പര സമ്പർക്കം വളർത്തുന്നതിനായി അവയിൽ ഒന്നിൽനിന്നു മറ്റൊന്നിലേക്ക് ഇഷ്ടംപോലെ സഞ്ചരിക്കാനുതകുന്ന ഒരു പ്രത്യേക പാസ്പോർട്ട് ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നു. തുടക്കത്തിൽ അംഗരാഷ്ട്രങ്ങളിലെ പാർലമെൻറ് അംഗങ്ങൾക്കും സുപ്രീംകോടതി ജഡ്ജിമാർക്കും നൽകുന്ന ഇത്തരം പാസ്പോർട്ടുകൾ തുടർന്ന് പത്രപ്രവർത്തകർക്കും മറ്റു ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതാണ്.

പ്രകൃതി വിപത്തുകൾ സംഭവിക്കുമ്പോൾ ജനങ്ങൾക്ക് ആശ്വാസം നൽകാനും പരിസ്ഥിതി സംരക്ഷണത്തിനും പരസ്പരം കൂടുതൽ സഹകരിക്കുമെന്നും സമ്മേളനം പ്രഖ്യാപിച്ചിട്ടുണ്ട്.

ദക്ഷിണേഷ്യാ പ്രദേശത്തു മയക്കുമരുന്നുകളുടെ ഉല്പാദനവും വ്യാപാരവും വർദ്ധിച്ചുവരികയാണ്. പരസ്പര സഹകരണത്തോടെ പരിഹാരം കാണേണ്ട പ്രശ്നങ്ങളിൽ പ്രധാനം ഇതാണെന്നു സമ്മേളനം അംഗീകരിച്ചിരിക്കുന്നു. 1989–ാമാണ്ട് 'മയക്കുമരുന്നിനെതിരായ വർഷം' ആണെന്നു പ്രഖ്യാപിക്കാൻ സമ്മേളനം തീരുമാനിച്ചിട്ടുണ്ട്. 1990–ാമാണ്ട് 'പെൺകുട്ടികളുടെ വർഷം' ആയി പ്രഖ്യാപിക്കപ്പെടും. ദക്ഷിണേഷ്യാ പ്രദേശത്തുള്ള രാജ്യങ്ങളിൽ സ്ത്രീകളു

ടെ പദവി ഉയർത്തുന്നതിന്റെ ഭാഗമായി പെൺകുട്ടികളുടെ ആരോഗ്യരക്ഷ, വിദ്യാഭ്യാസം മുതലായ പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തുകയാണ് ഈ പ്രഖ്യാപനത്തിന്റെ ലക്ഷ്യം.

ഈ പ്രദേശത്തുള്ള മററു രാഷ്ട്രങ്ങൾക്ക് സാർക് സംഘടനയിൽ അംഗത്വം നൽകുന്ന കാര്യവും പര്യാലോചിക്കുകയുണ്ടായി. അംഗസ്ഥാനത്തിന് അപേക്ഷിക്കാൻ സാദ്ധ്യതയുള്ള അഫ്ഘാനിസ്ഥാനുമായി പാകിസ്ഥാനു പല തർക്കങ്ങളും നിലവിലുണ്ട്. ഏതായാലും, സർവസമ്മതി കൂടാതെ പുതിയ ഒരംഗത്തെ സംഘടനയിൽ ചേർക്കുകയില്ലെന്നു തീരുമാനിക്കപ്പെട്ടു.

അടുത്ത കാലത്തു് പാകിസ്ഥാനിൽ പ്രധാനമന്ത്രിയായിത്തീർന്ന ശ്രീമതി ബേനസീർ ഭൂട്ടോവിന്റെ അന്താരാഷ്ട്രരംഗത്തുള്ള പ്രഥമപ്രകടനം സാർക് സമ്മേളനത്തിന്റെ അദ്ധ്യക്ഷപീഠത്തിൽനിന്നായിരുന്നു. വലിയ ഒരു രാഷ്ട്രത്തിന്റെ നേതൃപദവി വഹിക്കാൻ വേണ്ട വ്യക്തിപരമായ യോഗ്യത തനിക്കുണ്ടെന്ന് ഈ സമ്മേളനത്തിൽ ശ്രീമതി ഭൂട്ടോ തെളിയിച്ചു. സമ്മേളനത്തിൽ ബേനസീറിന്റെ പ്രസംഗവും പെരുമാററവും അത്യന്തം ആകർഷകമായിരുന്നു. സമ്മേളനത്തിനു വേണ്ടി ഇസ്ലാമബാദിൽ ചെയ്തിരുന്ന സംവിധാനങ്ങൾ എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസ നേടി.

സാർക് സമ്മേളനത്തോടനുബന്ധിച്ച് ഇന്ത്യയും പാകിസ്ഥാനും മൂന്ന് ഉടമ്പടികളിൽ ഒപ്പുവെക്കുകയുണ്ടായി. ഒരു രാഷ്ട്രം മറേറ രാഷ്ട്രത്തിലെ അണുശക്തിസ്ഥാപനങ്ങളെ ആക്രമിക്കുകയില്ല എന്നതാണ് ഇവയിൽ ഒരു സന്ധിയുടെ ഉള്ളടക്കം. അണുവൈദ്യുതി നിലയങ്ങൾ, ഗവേഷണത്തിനായുള്ള റിയാക്ടറുകൾ, ഇന്ധനനിർമാണം, യുറേനിയം സംസ്കരണം, ഐസോടോപ്പ് വേർതിരിക്കൽ, കത്തിക്കഴിഞ്ഞ ഇന്ധനം വീണ്ടും ഉപയോഗക്ഷമമാക്കൽ എന്നിവയുള്ള സ്ഥാപനങ്ങളാണ് അണുശക്തിസ്ഥാപനങ്ങൾ. ഏതെങ്കിലും വിധത്തിൽ അണുശക്ത്യുല്പാദനവുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഈ ഉടമ്പടിവഴി പരസ്പരാക്രമണത്തിൽനിന്നു മോചിപ്പിക്കപ്പെട്ടിരിക്കുന്നു.

കല, സംസ്കാരം, പുരാതത്ത്വവിജ്ഞാനം, വിദ്യാഭ്യാസം, സ്പോർട്സ്, മാദ്ധ്യമങ്ങൾ എന്നിവയിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ സഹകരണത്തിന് മറെറാരു ഉടമ്പടി വ്യവസ്ഥചെയ്യുന്നു. ഒരു രാഷ്ട്രത്തിന്റെ സംസ്കാരകേന്ദ്രം മറേറ രാജ്യത്തിൽ സ്ഥാപിക്കാനും, അദ്ധ്യാപകർ, വിദ്യാഭ്യാസ ഭരണാധികൃതർ, സാഹിത്യകാരന്മാർ, പാട്ടുകാർ, പത്രപ്രവർത്തകർ മുതലായവരെ പരസ്പരം കൈമാറാനും, ഒരു രാജ്യത്തിലെ ചരിത്രം, ഭൂമിശാസ്ത്രം എന്നിവയുള്ള പാഠപുസ്തകങ്ങളിൽനിന്നു മറേറ രാജ്യത്തെ സംബന്ധിച്ച തെററായ പ്രസ്താവങ്ങൾ നീക്കംചെയ്യാനും ഈ ഉടമ്പടി വഴിയൊരുക്കുന്നു. കലാപ്രദർശനങ്ങൾ ഫിലിം ഉത്സവങ്ങൾ മുതലായവ പരസ്പരം കൈമാറാനും, ഒരു രാജ്യത്തിലെ വിദ്യാർത്ഥികൾ, ഗവേഷകർ എന്നിവർക്കു മറേറ രാജ്യത്തിൽ കൂടുതൽ സ്കോളർഷിപ്പുകളും പ്രവർത്തനസൗകര്യങ്ങളും നൽകാനും ഈ ഉടമ്പടിയിൽ വ്യവസ്ഥയുണ്ട്. വിമാനയാത്രക്കാരിൽനിന്നും രണ്ടു രാജ്യങ്ങളിലും വെവ്വേറെ നികുതി ഈടാക്കുന്നതു തടയുകയാണ് മൂന്നാമത്തെ ഉടമ്പടിയുടെ ലക്ഷ്യം. ഇന്ത്യയും പാകിസ്ഥാനുമിടയ്ക്കുള്ള പിരിമുറുക്കത്തിൽ വളരെയധികം അയവുവരുത്താൻ ഇസ്ലാമബാദ് സാർക് സമ്മേളനം ഉപകരിച്ചിട്ടുണ്ട്. ഇന്നത്തെ നിലയിൽ ഇതു വലിയൊരു നേട്ടംതന്നെ.

1 ജനുവരി, 1989